## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4701 — 19.05.2017-ൽ മറുപടിക്ക്

## ഉൾവനങ്ങളിലെ പട്ടിക ഗോത്ര വിഭാഗക്കാരെ സഹായിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക- ഗോത്രവിഭാഗത്തിലെ പണിയർ, അടിയർ, മലമ്പണ്ടാരം, അരനാടൻ, മലപ്പുലയൻ തുടങ്ങി ഉൾവനങ്ങളിൽ താമസിക്കുന്നവർ അനുഭവിച്ചു വരുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്നും അവരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെ സാമുദായികമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരവുമായെല്ലാം തന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പണിയർ, അടിയർ, മലമ്പണ്ടാരം, അരനാടൻ, മലപ്പുലയൻ തുടങ്ങിയ വിഭാഗക്കാർ. ടി വിഭാഗങ്ങളിൽ ഭൂരഹിതരായിട്ടുള്ളവരും ഏറെയാണ്. അടിയ, പണിയ തുടങ്ങിയ വിഭാഗക്കാരുടെ വരുമാന മാർഗം കൂലിപ്പണിയും കാലി വളർത്തലുമാണ്. മദ്യപാനാസക്തിയും, ലഹരി വസ്തുക്കളുടെ ഉപയോഗവും, വിദ്യാഭ്യാസത്തോടുള്ള വിമുഖതയും, ടി വിഭാഗത്തിന്റെ ഉന്നമനത്തിന് പലപ്പോഴും വിലങ്ങ് തടിയാകാറുണ്ട്. മുഖ്യധാരയിലേയ്ക്ക് വരാൻ വിമുഖത കാണിക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പുതലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വകുപ്പ് വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി വരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയ-പണിയ പാക്കേജ് പദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി രണ്ട് ജോടി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങൾ സൗജന്യമായി നൽകി വരുന്നു. ദിവസങ്ങളോളം സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രമോട്ടർമാരും, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് എത്തി സ്കൂളിൽ എത്തിക്കാൻ പ്രയത്നിക്കാറുണ്ട്. മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം അടിയ-പണിയ കാട്ടുനായ്ക്ക വിഭാഗങ്ങളിലെ കുട്ടികളെ സ്കൂളിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനും, കൊഴിഞ്ഞ് പോക്ക് ഒഴിവാക്കുന്നതിനും ആദിവാസി വിഭാഗങ്ങളിൽ ഉൾപ്പെട്ട മെൻഡർ ടീച്ചർമാരെ നിയമിക്കുന്നതിനും ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും, റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടി വരുന്നു. ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത സൗകര്യം, വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പ് മുഖേനയും ടി.ആർ.ഡി.എം മുഖേനയും നടപടികളും സ്വീകരിച്ച് വരുന്നു. |
| ബി) | ഇവരുൾപ്പെട്ട ഗോത്രവിഭാഗക്കാർ തൊഴിലും ഭക്ഷണവുമില്ലാതെ പോഷകാഹാരക്കുറവും രോഗങ്ങളും കാരണം മരണപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യസഹായ പദ്ധതി, പോഷകാഹാര വിതരണം തുടങ്ങിയ പദ്ധതികളും, അട്ടപ്പാടി, നിലമ്പൂർ മേഖലകളിൽ മേൽപറഞ്ഞവ കൂടാതെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പാക്കി വരുന്നു. |
| സി) | ഇവരിൽ പലർക്കും റേഷൻകാർഡില്ലെന്നതും ഉള്ളവർക്ക് ബി.പി.എൽ കാർഡല്ലെന്നതും യഥാസമയം റേഷൻ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും മരുന്നും ലഭിക്കാത്ത അവസ്ഥയും മാറ്റുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കാമോ; | സി) | സ്വന്തമായി വീടില്ലായെന്നുള്ളത് ടി വിഭാഗത്തിൽ പലർക്കും റേഷൻകാർഡ് ലഭിക്കാൻ തടസ്സമാകുന്നുണ്ട്. എന്നാൽ ടി ആൾക്കാരിൽ ബഹുഭൂരിപക്ഷം കുടുംബകാർഡിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലാത്തവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനും, ടി വിഭാഗത്തിന്റെ റേഷൻ കാർഡുകൾ പൂർണമായും ബി.പി.എൽ ആണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടികൾ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ കാർഡില്ലാത്ത കുടുംബങ്ങളെ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് ബി.പി.എൽ കാർഡ് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വിഭാഗക്കാർക്ക് അർഹമായ റേഷൻ, ഭക്ഷ്യവസ്തുക്കൾ, മരുന്ന് തുടങ്ങിയവയും യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. |
| ഡി) | ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും അഴിമതിയും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | ടി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥയും, കെടുകാര്യസ്ഥതയും, അഴിമതിയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ